ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) കള്ളപ്പേരിൽ വായ്പ (ബിനാമി ലോൺ) വിതരണം, വളം ബിസിനസ്സിൽ കൃത്രിമം കാണിക്കുക, നിക്ഷേപകരുടെ കണക്കുകളിൽ കൃത്രിമം ചെയ്യുക, സംഘം വക റേഷൻ ഷാപ്പുകളിൽ കൃത്രിമങ്ങൾ കാണിക്കുക, നീക്കിയിരിപ്പു തുകയിൽ കൃത്രിമം നടത്തുക എന്നീ വിവിധ ഇനങ്ങളിൽ സംഘം വക ഫണ്ട് അപഹരിക്കപ്പെട്ടിട്ടുണ്ടെന്നാണ് അന്വേഷണത്തിൽ കണ്ടുപിടിക്കപ്പെട്ടത്.

സംഘം സെക്രട്ടറിയായിരുന്ന ശ്രീ.എസ്. ബാലകൃഷ്ണനും മറ്റു ജീവനക്കാരും ബാങ്ക് പ്രസിഡൻറായിരുന്ന ശ്രീ. എസ്. ആറുമുഖൻ ഉൾപ്പെടെയുള്ള ഭരണ സമിതി അംഗങ്ങളുമാണ് പണാപഹരണത്തിനുത്തരവാദികൾ എന്ന് തെളിഞ്ഞിട്ടുണ്ട്.

ഇവരുടെ പേരിൽ സിവിലായും ക്രിമിനലായും നടപടി സ്വീകരിച്ചിട്ടുണ്ട്.

കോ-ഓപ്പറേറീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

674 [972] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് എത്ര കോ-ഓപ്പറേറീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുണ്ട്; പുതുതായി എത്ര എണ്ണം തുറക്കാൻ ഉദ്ദേശ്യമുണ്ട്;

(ബി) കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറീവ് യൂണിയൻ പാലക്കാട് ജില്ലയിൽ ഒരു കോ-ഓപ്പറേറീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ശുപാർശ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി കൈക്കൊണ്ടു?

ഉത്തരം

(എ) കേരളത്തിൽ ഇപ്പോൾ മൂന്ന് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉണ്ട്. പുതുതായി രണ്ടെണ്ണം കൂടി ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) ഉണ്ട്. അത് പരിഗണനയിലാണ്.

ജോലിയിലിരിക്കെ മരണമടഞ്ഞയാളുടെ അവകാശികൾക്ക് ആനുകൂല്യങ്ങൾ

675 [978] ശ്രീ.കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം, ഇടുക്കി, വില്ലേജ് ആഫീസറായിരിക്കെ 24-10-1977-ൽ മരണമടഞ്ഞ കെ. ജെ. ജോസഫിന് എത്ര കൊല്ലത്തെ സർവ്വീസുണ്ടായിരുന്നു;

(ബി) അവിവാഹിതനായിരുന്ന ടി. ജോസഫിൻെറ മാതാവ് അന്നമ്മ ജോസഫ് 9-11-1977-ൽ മരിച്ചുപോയ മകനു ലഭിക്കേണ്ട പെൻഷൻ, മറ്റാനുകൂല്യങ്ങൾ ഇവ ലഭിക്കണമെന്ന് കാണിച്ച് ദേവികുളം തഹസിൽദാർ വഴി അപേക്ഷ അയച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മരിച്ചു പോയ ജോസഫിന്റെ അവകാശികൾക്കു ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഇന്നുവരെ നൽകാതിരിക്കാൻ കാരണമെന്ത്;

(ഡി) എത്രയും വേഗം ഇക്കാര്യത്തെ സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കുവാനും സംഖ്യ അവകാശികൾക്ക് നൽകുവാനും വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) അവകാശികൾക്ക് മരണാനന്തരം കിട്ടേണ്ട സംഖ്യ കിട്ടുന്നതിനു വേണ്ടി വില്ലേജ് ഓഫീസറായിരുന്ന് മരിച്ചു പോയ ശ്രീ. കെ. ജെ. ജോസഫിന്റെ അവകാശികൾക്ക് ഡെത്ത്-കം-റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി കൊടുക്കുവാൻ അധികാരപ്പെടുത്തുന്നതിന് പെൻഷൻ പേപ്പറും മറ്റും 16-2-1979-ൽ ദേവികുളം അസിസ്റ്റന്റ് കളക്ടർ അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുത്തിട്ടുണ്ട്.

മാങ്കുളം പ്രദേശത്തുനിന്നും കുടിയിറക്കപ്പെട്ടവർ

676 [979] ശ്രീ.കെ. ജെ. ചാക്കോ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ മാങ്കുളം പ്രദേശത്ത് എത്ര കുടുംബങ്ങളെ കുടിയിറക്കുകയുണ്ടായി;

(ബി) കുടിയിറക്കിയ കുടുംബങ്ങളെ പുനഃരധിവസിപ്പിക്കുകയുണ്ടായോ;

(സി) കുടിയിറക്കാനുള്ള കാരണമെന്ത്?

ഉത്തരം

(എ) മാങ്കുളം ഭൂമി കയ്യേറിയ ഏകദേശം 1350 ആളുകളെ കുടിയിറക്കി.

(ബി) പുനഃരധിവസിപ്പിച്ചിട്ടില്ല.

(സി) കണ്ണൻ ദേവൻ കമ്പനിയിൽനിന്നും മിച്ചഭൂമിയായി ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ള ഭൂമി ഗവൺമെന്റ് ആവശ്യത്തിന് നീക്കിവെച്ചതിനുശേഷമുള്ളത് ഭൂരഹിതർക്കും കർഷകത്തൊഴിലാളികൾക്കും പതിച്ചു കൊടുക്കുന്നതിനായിട്ടാണ് 15-2-1977-ലെ ജി. ഒ. പി. നമ്പർ 153/77/ആർ. ഡി. യിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ അനുശാസിക്കുന്നത്. ആയതിൽ കുടിയേറ്റക്കാരുടെ കാര്യം പരിഗണിക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലാണ് കുടിയൊഴിപ്പിക്കേണ്ടി വന്നിട്ടുള്ളത്.

ചിറയിൻകീഴ് താലൂക്കിലെ റീ സർവ്വെ

677 [983] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിൽ റീസർവ്വേ ജോലി ആരംഭിച്ചിട്ട് എത്ര കാലമായി;

LIBRARY ARCHIVES Kerala Legislative Assembly